"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ശ്രീധർമ്മ ശാസ്താ ഇംഗ്ലീഷ് മീഡിയം പബ്ലിക് സ്കൂൾ - 8 മുതൽ 10 വരെയുള്ള ക്ലാസ്സുകൾക്ക് അംഗീകാരം (സ്റ്റേറ്റ് സിലബസ്) - പ്രത്യേക വ്യവസ്ഥയിൽ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ(എൻ) വകുപ്പ്

സ.ഉ.(കൈ) നം.67/2025/GEDN തീയതി,തിരുവനന്തപുരം, 15-04-2025

പരാമർശം:-

1. സ.ഉ(എം.എസ്) നം.45/2019/പൊ.വി.വ തീയതി 22.05.2019
2. സ.ഉ.(എം.എസ്) നം.97/2021/പൊ.വി.വ തീയതി 19.02.2021
3. പെരുങ്കടവിള ശ്രീധർമ്മ ശാസ്താ ഇംഗ്ലീഷ് മീഡിയം പബ്ലിക് സ്കൂൾ മാനേജരുടെ 17.01.2024-ലെ നിവേദനം
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.02.2024, 15.06.2024 എന്നീ തീയതികളിലെ ഡിജിഇ/2345/2024-എൻ.എസ് 1 നമ്പർ കത്തുകൾ

ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിൽ വരുന്ന പെരുങ്കടവിള ശ്രീ ധർമ്മശാസ്ത ഇംഗ്ലീഷ് മീഡിയം പബ്ളിക് സ്കൂളിന്റെ 1 മുതൽ 10 വരെ ക്ലാസ്സുകൾക്ക് അംഗീകാരം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 2020-ൽ സ്കൂൾ മാനേജർ ജില്ലാവിദ്യാഭ്യാസ ഓഫീസർ മുഖേന പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ കെ.ഇ.ആറിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള നിശ്ചിത സ്ഥലം ടി സ്കൂളിന് ഇല്ലാതിരുന്നതിനാൽ, പരാമർശം (2) പ്രകാരം 1 മുതൽ 7 വരെയുള്ള ക്ലാസ്സുകൾക്ക് മാത്രമായി പരിമിതപ്പെടുത്തി, അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സ്കൂളിന്റെ ഹൈസ്കൂൾ ക്ലാസ്സുകൾക്ക് കൂടി അംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം മാനേജർ വീണ്ടും സർക്കാരിൽ നിവേദനം സമർപ്പിക്കുകയുണ്ടായി.

2. സംസ്ഥാന സിലബസിലുള്ള സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (1) ഉത്തരവിന്റേയും, പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി.

3. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിൽ വരുന്ന ശ്രീ ധർമ്മശാസ്താ ഇംഗ്ലീഷ് മീഡിയം പബ്ലിക് സ്കൂളിന്, നിലവിൽ കെ.ഇ.ആർ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള നിശ്ചിത സ്ഥലം ഇല്ലാത്ത സാഹചര്യത്തിൽ , സ്കൂൾ മാനേജ്മെന്റ് ഒരു വർഷത്തിനകം, കെ.ഇ.ആർ പ്രകാരമുള്ള ആവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം ഈ അനുമതി റദ്ദാക്കുന്നതാണെന്നുമുള്ള വ്യവസ്ഥയിൽ, സ്റ്റേറ്റ് സിലബസിൽ 8 മുതൽ 10 വരെയുള്ള ക്ലാസ്സുകൾക്കും അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ജോയിന്റ് സെക്രട്ടറി

മാനേജർ, ശ്രീ ധർമ്മശാസ്താ ഇംഗ്ലീഷ് മീഡിയം പബ്ലിക് സ്കൂൾ, പെരുങ്കടവിള,
തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം
ജില്ലാവിദ്യാഭ്യാസ ഓഫീസർ, നെയ്യാറ്റിൻകര
കരുതൽ ഫയൽ/ കാര്യാലയ പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Deepu B
Date: 15-04-2025 16:52:54
സെക്ഷൻ ഓഫീസർ